പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2774. 2.4. 2013 ൽ മറുപടിക്ക്

<u>മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പ്രകാരം അനുവദിച്ച തുക</u>

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എ.കെ.ശശീന്ദ്രൻ : | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിൽ എൻ.ഐ.റ്റി ക്യാമ്പസ്സിലുള്ള ഡി.ഒ.ഇ.എ.സി.സി. സെന്റർ എന്ന സ്ഥാപനത്തിൽ 2010 മാർച്ച് കാലയളവിൽ എം.സി.എ.യ്ക്ക് പഠിച്ചിരുന്ന ഷെഹ്ന.കെ എന്ന വിദ്യാർത്ഥിനിയ്ക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് സ്കീമിൽ 2011- ൽ അനുവദിച്ച 20,000/ രൂപ ഡിമാന്റ് ഡ്രാഫ്റ്റിൽ പേരി തെറ്റിപ്പോയതു കാരണം ഇതുവരെ ലഭിട്ടിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 17.01.2011 ന് വിദ്യാർത്ഥിനിയുടെ പിതാവ് ഡി.ഒ.ഇ.എ.സി.സി. സെന്റർ മുഖേന കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പിന് കത്തയച്ചിട്ടും യാതൊരു മറുപടിയും ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) 17.01.2011 ലെ കത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചതായി കണ്ടെത്തിയിട്ടില്ല എന്നും, ഡി.ഒ.ഇ.എ.സി.സി എന്ന സ്ഥാപനത്തിലെ അധികൃതർ 27.3.2013 ൽ സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസുമായി ടെലഫോണിൽ ബന്ധപ്പെടുകയും തുടർന്ന് ടി സ്ഥാപനമേധാവിയുടെ 17.11.2011 ലെ കത്തിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പ് ഇ-മെയിൽ മുഖേന അയച്ചുതരികയും ചെയ്തിട്ടുണ്ടെന്നും, കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ അറിയിച്ചിരിക്കുന്നു. |
| സി) | കാലതാമസം ഒഴിവാക്കി മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോയെന്നു വെളിപ്പെടുത്താമോ ? | സി) | വിദ്യാർത്ഥിനിയുടെ പേര് ലിസ്റ്റിൽ രേഖപ്പെടുത്തിയതിൽ സംഭവിച്ച പിഴവ് സ്ഥാപന മേധാവിയെ 27.3.2013 ലെ ഇ-മെയിൽ സന്ദേശം മുഖേന അറിയിയ്ക്കുകയും ഡി.ഡി. ആയി ലഭിച്ച തുക ഷഫ്ന കെ. എന്ന വിദ്യാർത്ഥിനിയ്ക്ക് വിതരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ 30.3.2013 ലെ സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസിലെ എസ്1/101965/2013/ കോ.വി.വ. നമ്പർ കത്ത് മുഖേന ടി കാര്യത്തിൽ സ്വീകരിച്ച അനന്തര നടപടികൾ റിപ്പോർട്ട് ചെയ്യുവാൻ പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.